പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2204 **27-10-2026-ൽ മറുപടിയ്ക്ക്**

<u>യൂത്ത് കോൺഗ്രസ് പ്രവർത്തകർക്കെതിരെയുള്ള നടപടി</u>

<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u> **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീമതി ഒ. എസ്. അംബിക ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

(എ) തിരുവനന്തപുരത്ത് യൂണിവേഴ്സിറ്റി കോളേജിനുള്ളിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകർ അതിക്രമം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവർക്കെതിരെ പോലീസ് കേസ് എടുത്തിട്ടുണ്ടോ; എത്ര പേർ ആണ് ഈ കേസിൽ പ്രതികളായി ഉള്ളത്; ഇതിൽ എത്ര പേരെ പോലീസ് അറസ്റ്റ് ചെയ്തു; വിശദമാക്കാമോ;

<u>മറുപടി:</u> ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 2026 സെപ്റ്റംബർ 30 ന് കേരള സർവകലാശാല ഹോസ്റ്റൽ വിദ്യാർത്ഥികൾക്ക് നേരെ യൂത്ത് കോൺഗ്രസുകാർ തീപ്പന്തം എറിഞ്ഞ് ആക്രമം നടത്തുകയും തുടർന്ന് പോലീസ് ഉദ്യോഗസ്ഥരെ ആക്രമിക്കുകയും ചെയ്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സംഭവത്തിൽ എത്ര യൂത്ത് കോൺഗ്രസ് പ്രവർത്തകർക്ക് എതിരെ പോലീസ് കേസ് എടുത്തുവെന്ന് വ്യക്തമാക്കാമോ;

<u>മറുപടി:</u> ഉണ്ട്. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് നേമം ഷജീർ, ഗോപു നെയ്യാർ, സൈദലി കൈപ്പാടി, ശ്യാം ലാൽ, അഭിജിത്ത്, കണ്ടാലറിയുന്ന 75 യൂത്ത് കോൺഗ്രസ് പ്രവർത്തകർ എന്നിവരെ പ്രതികളാക്കി U/sec 189(2), 191(2), 191(3), 190, 285, 132 of BNS 39, 121 KP ACT 4, 6 KERALA PUBLIC WAY RESRTICTION OF ASSEMBLIES AND PROCESSION ACT & 3(2) (e) PREVENTION OF DAMAGE TO PUBLIC PROPERTY ആക്ട് പ്രകാരം മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം 1367/2026 ആയി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിൽ രണ്ടുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(സി) പോലീസ് ഉദ്യോഗസ്ഥരെ ആക്രമിച്ച സംഭവത്തിൽ യൂത്ത് കോൺഗ്രസ് പ്രവർത്തകരായ ആരൊക്കെയാണ് പ്രതികൾ; ഏതൊക്കെ വകുപ്പുകൾ പ്രകാരമാണ് കേസ് എടുത്തിട്ടുള്ളത്; എത്ര പേരെ അറസ്റ്റ് ചെയ്തു; ഇവർക്കെതിരെ പൊതുമുതൽ നശിപ്പിക്കൽ നിയമപ്രകാരം കേസ് എടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

<u>മറുപടി:</u> ഉണ്ട്. പ്രസ്തുത സംഭവവുമായി ബന്ധപ്പെട്ട് നേമം ഷജീർ, ഗോപു നെയ്യാർ, സൈദലി കൈപ്പാടി, ശ്യാം ലാൽ, അഭിജിത്ത്, കണ്ടാലറിയുന്ന 75 യൂത്ത് കോൺഗ്രസ് പ്രവർത്തകർ എന്നിവരെ പ്രതികളാക്കി U/sec 189(2), 191(2), 191(3), 190, 285, 132 of BNS 39, 121 KP ACT 4, 6 KERALA PUBLIC WAY RESTRICTION OF ASSEMBLIES AND PROCESSION ACT & 3(2) (e) PREVENTION OF DAMAGE TO

PUBLIC PROPERTY ആക്ട് പ്രകാരം മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം 1367/2026 ആയി കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി കേസിൽ രണ്ടുപേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്.

(ഡി) പ്രസ്തുത സംഭവുമായി ബന്ധപ്പെട്ട് സബ് ഇൻസ്പെക്ടർക്കെതിരെ വകുപ്പുതല അന്വേഷണത്തിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

മറുപടി: ഇല്ല.

സെക്ഷൻ ഓഫീസർ